REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 28-03-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പിന് നാമനിർദേശ പത്രികാ സമർപ്പണം ഇന്ന് ആരംഭിയ്ക്കും. തയ്യാറെടുപ്പുകൾ പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ.
- കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 88 ലോക്സഭാ സീറ്റുകളിലേക്ക് തെരഞ്ഞെടുപ്പ് വിജ്ഞാപനം രാവിലെ പുറത്തിറക്കും.
- ലോകമെമ്പാടും ക്രൈസ്തവർ ഇന്ന് പെസഹാ വ്യാഴം ആചരിക്കുന്നു.
- ഇന്ത്യൻ താരം PV സിന്ധു മാഡ്രിഡ് ഓപ്പൺ ബാഡ്മിന്റൺ വനിതാ സിങ്കിൾസ് പ്രീ ക്വാർട്ടറിൽ.
- IPL ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദ് മുംബൈ ഇന്ത്യൻസിനെ പരാജയപ്പെടുത്തി.

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പിന് നാമനിർദേശ പത്രികാ സമർപ്പണം ഇന്ന് ആരംഭിയ്ക്കും. രണ്ടാം ഘട്ട തിരഞ്ഞെടുപ്പ് വിജ്ഞാപനം രാവിലെ

പുറപ്പെടുവിക്കുന്നതോടെയാണ് പത്രികാ സമർപ്പണത്തിന് തുടക്കമാവുക.

ഡസ്ക്ക് റിപ്പോർട്ട്

വോയ്സ്

കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 88 ലോക്സഭാ സീറ്റുകളിലേക്കും മണിപ്പൂർ ലോക്സഭാ മണ്ഡലത്തിന്റെ ബാക്കി ഭാഗങ്ങളിലേക്കും ആണ് രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്നത് . ഔട്ടർ മണിപ്പൂർ മണ്ഡലത്തിന്റെ ഒരു ഭാഗത്താണ് ആദ്യഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്. കേരളത്തിൽ ഇരുപതും, കർണാടകയിൽ 14 ഉം, രാജസ്ഥാനിൽ 13 ഉം, ഉത്തർപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ എട്ട് വീതവും, മധ്യപ്രദേശിൽ ഏഴും, അസമിലും ബീഹാറിലും അഞ്ച് വീതവും പശ്ചിമ ബംഗാളിലും ഛത്തീസ്ഗഡിലും മൂന്ന് വീതവും മണിപ്പൂർ, ത്രിപുര, ജമ്മു കശ്മീർ എന്നിവിടങ്ങളിൽ ഓരോ സീറ്റിലുമാണ് ആദ്യഘട്ടത്തിൽ വിധിയെഴുത്ത്. ഏപ്രിൽ നാല് വരെ നാമനിർദേശ പത്രിക സമർപ്പിക്കാം. അഞ്ചിനാണ് ജമ്മു കശ്മീർ ഒഴികെ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും സൂക്ഷ്മപരിശോധന. ഏപ്രിൽ 26ന് വോട്ടെടുപ്പ് നടക്കും. ജൂൺ നാലിനാണ് വോട്ടെണ്ണൽ.

✪✪✪

സംസ്ഥാനത്ത് നാമ നിർദ്ദേശ പത്രിക സമർപ്പണത്തിന് തയ്യാറെടുപ്പുകൾ പൂർത്തിയായാതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. 20 ലോക്സഭാ

മണ്ഡലങ്ങളിലേക്കും ബന്ധപ്പെട്ട റിട്ടേണിംഗ് ഓഫീസർമാർക്കു മുമ്പാകെയാണ് പത്രിക സമർപ്പിക്കേണ്ടത്. രാവിലെ 11 മുതൽ വൈകിട്ട് മൂന്നു വരെയാണ് പത്രിക സ്വീകരിക്കുന്ന സമയം. നെഗോഷ്യബിൾ ഇൻസട്രമെന്റ്സ് ആക്ട് പ്രകാരം അവധി ദിനങ്ങളായ നാളെയും ഞായറാഴ്ച്ചയും തിങ്കളാഴ്ച്ചയും പത്രിക സമർപ്പിക്കാനാവില്ല.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പു ഡ്യൂട്ടിക്കായുള്ള ഉദ്യോഗസ്ഥ വിന്യാസം സംബന്ധിച്ച് അധിക നിർദേശങ്ങൾ പുറപ്പെടുവിച്ചു. ഓർഡർ എന്ന സോഫ്റ്റ് വെയർ മുഖേനയാണു തെരഞ്ഞെടുപ്പു ഡ്യൂട്ടിക്കായി ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിനു നടപടികൾ പുരോഗമിക്കുന്നത്.

മതിയായ കാരണങ്ങളാൽ ഒരു ജീവനക്കാരനു പോളിങ് ഡ്യൂട്ടി ചെയ്യാനാകാത്ത സാഹചര്യമുണ്ടായാൽ സോഫ്റ്റ് വെയറിലെ ഡാറ്റാ എൻട്രി സമയത്തുതന്നെ കാരണം വ്യക്തമാക്കുന്നതിനു അവസരം സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇപ്രകാരം നൽകുന്ന വിവരങ്ങളുടെ കൃത്യത അനുബന്ധരേഖകളും ഓഫിസ് രേഖകളും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതു സ്ഥാപനത്തിന്റെ മേധാവിയുടെയും നോഡൽ ഓഫീസറുടെയും ഉത്തരവാദിത്തമാണെന്നും മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പു ദിനമായ ഏപ്രിൽ 26നു സംസ്ഥാനത്തു പൊതു അവധി പ്രഖ്യാപിച്ചു. ഗവൺമെന്റ് ഓഫിസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് അവധി ബാധകമാണ്. വാണിജ്യ സ്ഥാപനങ്ങൾക്കു ശമ്പളത്തോടെ അവധിയായിരിക്കും. അവധി ദിനത്തിൽ വേതനം നിഷേധിക്കുകയോ കുറവു വരുത്തുകയോ ചെയ്യരുതെന്നും ഉത്തരവിൽ പറയുന്നു.

✪✪✪

ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന ബീഹാറിലെ, ഗയ, ഔറംഗബാദ്, നവാഡ, ജമുയി പാർലമെന്റ് മണ്ഡലങ്ങളിൽ നാമനിർദ്ദേശ പത്രികസമർപ്പണം ഇന്ന് അവസാനിക്കും. ഹോളി, ബിഹാർ സ്ഥാപക ദിനം എന്നിവയുമായി ബന്ധപ്പെട്ട അവധികൾ കാരണമാണ് നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ സമയ പരിധി ഒരു ദിവസം നീട്ടിയത്.

✪✪✪

BJP ലോക്സഭാ തെരഞ്ഞെടുപ്പിന് രണ്ട് സ്ഥാനാർത്ഥികളെ കൂടി പ്രഖ്യാപിച്ചു. കർണാൽ നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ ഹരിയാന മുഖ്യമന്ത്രി നയാബ് സിംഗ് സൈനി മത്സരിക്കും.

ആന്ധ്രപ്രദേശ് നിയമസഭാ തിരഞ്ഞെടുപ്പിനു പത്ത് സ്ഥാനാർത്ഥികളുടെ പേരുകളും പാർട്ടി പ്രഖ്യാപിച്ചു.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന് 11 സംസ്ഥാനങ്ങളിലും രണ്ട് കേന്ദ്ര ഭരണ പ്രദേശങ്ങളിലും BJP തിരഞ്ഞെടുപ്പ്

ചുമതലക്കാരെയും സഹ ചുമതലക്കാരെയും നിയമിച്ചു. ഹരിയാന മുൻ BJP പ്രസിഡന്റ് O.P ധൻഖറിന് ഡൽഹിയുടെയും പാർട്ടി M.P ഡോ ദിനേശ് ശർമ്മയ്ക്ക് മഹാരാഷ്ട്രയുടെയും ചുമതല നൽകി.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിനു 14 സ്ഥാനാർത്ഥികളുടെ എട്ടാം പട്ടിക കോൺഗ്രസ് പുറത്തിറക്കി.

✪✪✪

NDA സ്ഥാനാർത്ഥിയെകൂടി പ്രഖ്യാപിച്ചതോടെ കൊല്ലം ലോക്സഭാമണ്ഡലത്തിലെ പ്രചാരണത്തിന് ചൂടേറി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ..........

............വോയ്സ്...........

✪✪✪

കോഴിക്കോട് ലോക്സഭാ മണ്ഡലത്തിലെ ഇരട്ട വോട്ട് വിഷയത്തിൽ പരിശോധന വേണമെന്ന് ആവശ്യപ്പെട്ട് UDF ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറായ ജില്ലാ കലക്ടർക്ക് പരാതി നൽകി. തെരഞ്ഞടുപ്പ് കമ്മറ്റി കൺവീനർ P.M. നിയാസിന്റെ നേതൃത്വത്തിലാണ് പരാതി നൽകിയത്.

✪✪✪

വടകര പാർലമെന്റ് മണ്ഡലം LDF സ്ഥാനാർത്ഥിക്കെതിരെ സാമൂഹ്യ മാധ്യമങ്ങൾ വഴി വ്യക്തിപരമായി അധിക്ഷേപ പരാമർശം നടത്തുന്നതായി ആരോപിച്ച് LDF പരാതി നൽകി.

തെരഞ്ഞെടുപ്പ് കമ്മീഷൻ, മുഖ്യമന്ത്രി, പോലീസ്, ജില്ലാ കലക്ടർ എന്നിവർക്കാണ് പരാതി നൽകിയത്.

✪✪✪

പൗരത്വ ഭേദഗതി നിയമം RSS അജണ്ടയുടെ ഭാഗമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആരോപിച്ചു. കൊല്ലത്ത് LDF സംഘടിപ്പിച്ച പൗരത്വസംരക്ഷണ സദസ്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പൗരത്വഭേദഗതി നിയമത്തെ എതിർക്കുന്നതിനോ, രാജ്യത്തിന്റെ മതേതരത്വം സംരക്ഷിക്കുന്നതിനോ കോൺഗ്രസിന് ആത്മാർത്ഥതയില്ലെന്നും പിണറായി ആരോപിച്ചു.

✪✪✪

പൗരത്വ ഭേദഗതി നിയമ വിഷയത്തിൽ കോൺഗ്രസിനെതിരായ മുഖ്യമന്ത്രിയുടെ വിമർശനം തെരഞ്ഞെടുപ്പിൽ വോട്ട് നേടാൻ നടത്തുന്ന തന്ത്രത്തിന്റെ ഭാഗമാണെന്ന് UDF കൺവീനർ M.M ഹസൻ കോഴിക്കോട്ട് പറഞ്ഞു. ജനകീയ പ്രശ്നങ്ങളിൽ നിന്നും ശ്രദ്ധ തിരിക്കാനാണ് ഇത്. CAA വിഷയത്തിൽ നിയമപരമായാണ് കോൺഗ്രസും മുസ്ലീം ലീഗും മുന്നോട്ട് പോകുന്നതെന്നും അദ്ദേഹം പറഞ്ഞു.

AICC- യുടെ ഫണ്ട് മരവിപ്പിച്ച സാഹചര്യത്തിൽ പൊതുജനങ്ങളിൽ നിന്നും ധനസമാഹരണം നടത്തി തെരഞ്ഞെടുപ്പിന് ആവശ്യമായ പണം കണ്ടെത്തുമെന്ന് ഹസ്സൻ വ്യക്തമാക്കി.

✪✪✪

ലോകമെമ്പാടും ക്രൈസ്തവർ ഇന്ന് പെസഹാ വ്യാഴം ആചരിക്കുന്നു. യേശു ദേവന്റെ അന്ത്യ അത്താഴത്തിന്റെയും കാൽ കഴുകൽ ശുശ്രൂഷയുടെയും ഓർമ്മകളുമായാണ് പെസഹാ വ്യാഴം ആചരിക്കുന്നത്. ക്രൈസ്തവ ദേവാലയങ്ങളിൽ ഇന്ന് പ്രത്യേക പ്രാർത്ഥനകളും ചടങ്ങുകളും നടത്തും. കാൽ കഴുകൽ ശുശ്രൂഷ, ദിവ്യ കാരുണ്യ ആരാധന തുടങ്ങിയവയാണ് പ്രധാന ചടങ്ങുകൾ.

അന്ത്യ അത്താഴത്തിന് മുൻപായി യേശു ശിഷ്യരുടെ കാൽ കഴുകിയതിനെ അനുസ്മരിച്ച് ദേവാലയങ്ങളിൽ പന്ത്രണ്ട് പേരുടെ കാലുകൾ പുരോഹിതർ കഴുകി ചുംബിക്കും.

നാളെ യേശു ക്രിസ്തുവിന്റെ കുരിശു മരണം അനുസ്മരിച്ച് ദുഃഖ വെള്ളിയും മറ്റന്നാൾ ദുഃഖ ശനി ആചരണവും നടക്കും. യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ സ്മരണകളുണർത്തുന്ന ഈസ്റ്ററോടെ ഞായറാഴ്ച്ച വിശുദ്ധവാരാചരണം സമാപിയ്ക്കും. ഉയിർപ്പ് ഞായറോടെ അമ്പത് നോമ്പിനും സമാപനമാകും.

✪✪✪

രാവിലെ ഏഴിന് തലശ്ശേരി സെൻറ് ജോസഫ് കത്തീഡ്രലിൽ നടക്കുന്ന ദിവ്യബലിക്കും കാൽ കഴുകൽ ശുശ്രൂഷയ്ക്കും ആർച്ച് ബിഷപ്പ് മാർ ജോസഫ് പാം ബ്ളാനി നേതൃത്വം നൽകും.

കണ്ണൂർ ബർണ്ണശേരി ഹോളി ട്രിനിറ്റി ദേവാലയത്തിൽ ബിഷപ്പ് ഡോ.അലക്സ് വടക്കുംതല മുഖ്യകാർമികത്വം വഹിക്കും.

✪✪✪

ഡൽഹി ഗവൺമെന്റിനെ ജയിലിൽ നിന്ന് ഭരിക്കാൻ അനുവദിയ്ക്കില്ലെന്ന് ലെഫ്റ്റനന്റ് ഗവർണർ വിനയ് കുമാർ സക്സേന പൗരന്മാർക്ക് ഉറപ്പ് നൽകി. ജയിലിലാണെങ്കിലും അരവിന്ദ് കെജ്‌രിവാൾ മുഖ്യമന്ത്രിയായി തുടരുമെന്ന AAP നേതാക്കളുടെ പ്രസ്താവനയുടെ പശ്ചാത്തലത്തിലാണ് പരാമർശം. ന്യൂഡൽഹിയിൽ സ്വകാര്യ ടിവി ചാനൽ ഉച്ചകോടിക്കിടെ ചോദ്യത്തിന് മറുപടി പറയുകയായിരുന്നു സക്സേന.

അതേസമയം, കെജ്‌രിവാളിന്റെ ED കസ്റ്റഡി കാലാവധി ഇന്ന് അവസാനിക്കുന്നതിനാൽ ഡൽഹി റോസ് അവന്യു കോടതിയിൽ അദ്ദേഹത്തെ ഇന്ന് ഹാജരാക്കും.

✪✪✪

ഭാവിയുടെ തന്ത്രപരമായ അനിവാര്യതയാണ് സ്വാശ്രയത്വമെന്നും ആയുധങ്ങൾ സ്വന്തമായി രാജ്യത്ത് ലഭ്യമാക്കുന്നത് പ്രാധാനമാണെന്നും കരസേനാ മേധാവി ജനറൽ മനോജ് പാണ്ഡെ പറഞ്ഞു. സ്വകാര്യ വാർത്താ ചാനൽ സംഘടിപ്പിച്ച സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രതിരോധ മേഖലയിൽ സ്വന്തം കഴിവുകൾ വികസിപ്പിക്കുന്നതിന് വേണ്ടത്ര ഊന്നൽ നൽകുന്നുണ്ടെന്ന് കരസേനാ മേധാവി പറഞ്ഞു.

✪✪✪

ഇന്ത്യൻ താരം PV സിന്ധു മാഡ്രിഡ് ഓപ്പൺ ബാഡ്മിന്റൺ വനിതാ സിങ്കിൾസ് പ്രീ ക്വാർട്ടറിൽ ഇന്ന് തായ്-വാന്റെ ഹുയാങ് യു സൺ മായി ഏറ്റുമുട്ടും.

പുരുഷ വിഭാഗം ഡബിൾസിൽ ഇന്ത്യയുടെ പ്രസാദ് ഗരഗ - സായി പ്രതീക് സഖ്യവും പ്രീ ക്വാർട്ടറിൽ പ്രവേശിച്ചിട്ടുണ്ട്.

വനിതാ ഡബിൾസ് പ്രീ ക്വാർട്ടറിൽ ഇന്ന് ടണിഷ കാസ്ട്രൊ - അശ്വിനി പൊന്നപ്പ സഖ്യം ഓസ്ട്രേലിയൻ സഖ്യവുമായി മത്സരിയ്ക്കും.

✪✪✪

IPL ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദ് മുംബൈ ഇന്ത്യൻസിനെ 31 റൺസിന് പരാജയപ്പെടുത്തി. ഹൈദരാബാദിലെ രാജീവ് ഗാന്ധി അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ 278 റൺസ് വിജയലക്ഷ്യം പിന്തുടർന്ന മുംബൈ നിശ്ചിത 20 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 246 റൺസിന് പുറത്തായി.

ഇന്ന് ജയ്പൂരിൽ രാജസ്ഥാൻ റോയൽസ് ഡൽഹി ക്യാപിറ്റൽസിനെ നേരിടും. രാത്രി 7.30 നാണ് മത്സരം.

✪✪✪

മിയാമി ഓപ്പൺ ടെന്നിസ് പുരുഷ വിഭാഗം ഡബിൾസ് സെമി ഫൈനലിൽ ഇന്ത്യയുടെ രോഹൻ ബൊപ്പണ്ണ - ഓസ്ട്രേലിയയുടെ മാത്യു എബ്ദൻ സഖ്യം ഇന്ന് കളത്തിലിറങ്ങും. സ്പെയിൻ താരം മാർസൽ ഗ്രാനോലേഴ്സ്

-അർജന്റീനയുടെ ഹൊറാസിയോ സെബല്ലോസ് സഖ്യത്തെയാണ് ഇവർ നേരിടുക.

ഇന്ത്യൻ സമയം രാത്രി 10.30നാണ് മത്സരം.

✪✪✪

അന്തരീക്ഷ താപനില ഉയരുന്ന സാഹചര്യത്തിൽ, മാലിന്യസംഭരണ കേന്ദ്രങ്ങളിൽ തീപിടുത്ത സാഹചര്യം ഒഴിവാക്കുന്നതിനു സ്വീകരിച്ച സുരക്ഷാ മുൻകരുതലുകളും സജ്ജീകരണങ്ങളും വിലയിരുത്തുന്നതിന് തദ്ദേശ ഭരണ വകുപ്പിന്റെ പ്രത്യേക സംഘം സംസ്ഥാനത്തെ 96 തദ്ദേശ സ്ഥാപനങ്ങളിൽ ആകസ്മിക പരിശോധന നടത്തി. തദ്ദേശ ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നിർദ്ദേശാനുസരണം ഇന്റേണൽ വിജിലൻസ് ഓഫീസർമാർ/അസിസ്റ്റൻറ് ഡയറക്ടർമാർ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന.

✪✪✪

കാസർഗോഡ് ഉപ്പളയിലെ ATM-ൽ നിറയ്ക്കാൻ കൊണ്ടുവന്ന 50 ലക്ഷം രൂപ പട്ടാപകൽ കൊള്ളയടിച്ചു.

പണം അടങ്ങിയ പെട്ടി വാഹനത്തിന്റെ ഗ്ലാസ് പൊട്ടിച്ച് എടുത്തു കൊണ്ടുപോവുകയായിരുന്നു. പോലീസ് അന്വേഷണം ഊർജിതമാക്കി.

✪✪✪

**കോഴിക്കോട് ലോക്സഭാ മണ്ഡലം UDF സ്ഥാനാർഥി M.K രാഘവൻ ഇന്ന് കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽ സന്ദർശനം നടത്തും.**

**LDF സ്ഥാനാർത്ഥി എളമരം കരീം ഇന്ന് ബേപ്പൂർ നിയോജക മണ്ഡലത്തിലെ വിവിധ കേന്ദ്രങ്ങളിലാണ് പ്രചരണം നടത്തുക.**

**NDA സ്ഥാനാർഥി M.T രമേശ് 'കോഴിക്കോട് നോർത്ത് മണ്ഡലം, പറമ്പിൽ ബസാർ, കാക്കൂർ, നൻമണ്ട എന്നിവിടങ്ങളിൽ പര്യടനം നടത്തും.**

✪✪✪